ഉത്തരം

(എ) തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ മൈനർ ഇറിഗേഷൻ വകുപ്പും ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷനും കുളങ്ങളുടെയും കനാലുകളുടെയും സംരക്ഷണത്തിനായി ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ലും അനുബന്ധം II ലും കാണാവുന്നതാണ്.*

(ബി) വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു.*

മുല്ലപ്പെരിയാർ അണക്കെട്ട് നിർമ്മാണം

229 (918) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്താൻ അനുകൂലമായി ദേശീയ വന്യജീവി ബോർഡ് നൽകിയ അനുമതി റദ്ദാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നടപടി പുതിയ അണക്കെട്ടിനായുള്ള ശ്രമങ്ങൾക്ക് വിഘാത മായിട്ടുണ്ടോ ;

(സി) റദ്ദാക്കൽ നടപടിയെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി ദേശീയ വന്യജീവി ബോർഡ്, മുമ്പ് നൽകിയിരുന്ന ശിപാർശ പിൻവലിച്ചതായി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാനം മന്ത്രാലയത്തിന്റെ വന്യജീവി വിഭാഗത്തിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശയോടെ കേന്ദ്ര സർക്കാരിന്റെ Expert Appraisal Committee-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന EIA പഠനം സംബന്ധിച്ച ടേംസ് ഓഫ് റഫൻസിന് (TOR-ന്), മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 7-5-2014-ലെ വിധിന്യായത്തിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരം നൽകാൻ കഴിയുകയില്ലായെന്ന് Expert Appraisal Committee തീരുമാനിച്ച സാഹചര്യത്തിൽ, ദേശീയ വന്യജീവി ബോർഡ് നൽകിയിരുന്ന ശിപാർശക്ക് പ്രസക്തിയില്ലായെന്നുള്ള നിഗമനത്തിലാണ് ദേശീയ വന്യജീവി ബോർഡ് മുൻ ശിപാർശ പിൻവലിച്ചിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കാതെ പുതിയ അണക്കെട്ടിനുള്ള ശ്രമങ്ങൾ തുടരുവാൻ സാധിക്കുകയില്ല. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളില്ലായെന്നുള്ള നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആവശ്യം നിരസിക്കുന്നതിനുള്ള തീരുമാനം ഏകപക്ഷീയമാണെന്നും കേരളത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിയമപരമായ തടസ്സങ്ങളില്ലെന്നും അറിയിച്ചുകൊണ്ട് വിശദമായ കത്തുകൾ കേന്ദ്ര സർക്കാരിനും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ആവശ്യം പരിഗണിക്കുന്നതിനുള്ള അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരോ കേന്ദ്ര സർക്കാർ ഏജൻസികളോ സ്വീകരിച്ചിട്ടില്ല. നിയമപരമായ നടപടികൾ ഇക്കാര്യത്തിൽ വീണ്ടും സ്വീകരിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന വിദഗ്ധരായ അഭിഭാഷകരുടെ നിയമോപദേശം ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി സംബന്ധിച്ചുള്ള Reply affidavit കേരളം ഫയൽ ചെയ്തിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സമയബന്ധിതമായിത്തന്നെ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

പുലമൺതോടിന്റെ നിർമ്മാണം

230 (919) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പണിസ്ഥലം 12-12-2013-ൽ കരാറുകാരന് കൈമാറുകയും പണി ആരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly